(സി) സർവ്വീസിൽ ഇരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലിക്കായുള്ള എത്ര അപേക്ഷകൾ 1999 മാർച്ച് വരെ ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്;

(ഡി) ഒഴിവുകളുണ്ടായിട്ടും ഈ അപേക്ഷകർക്ക് നിയമനം നൽകാൻ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവർക്ക് എപ്പോൾ നിയമനം നൽകുമെന്ന് പറയാമോ?

ഉത്തരം

(എ) 1201.

(ബി) പോലീസ് വകുപ്പിൽ ക്ലാർക്കുമാരുടെ തസ്തികയിൽ പോലീസുകാർ ആരും തന്നെ ജോലി ചെയ്യുന്നില്ല. ഈ വകുപ്പിൽ 31.3.99 വരെ ക്ലറിക്കൽ തസ്തികയിൽ 62 പേരുടെ ഒഴിവുണ്ടായിരുന്നു.

(സി) 343 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി)&(ഇ) സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനായി ഓരോ വകുപ്പിലും ഉണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനമാണ് നീക്കിവച്ചിട്ടുള്ളത്. അതുകൊണ്ടാണ് നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത്. അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ നിയമനം നൽകിവരുന്നുണ്ട്.

64 (2249) പോലീസ് കേസ്സുകളുടെ എണ്ണം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി എന്നീ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ 1997,1998,1999 മേയ് വരെ ഓരോ പോലീസ് സ്റ്റേഷനുകളിലും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇവയിൽ സ്ത്രീപീഡന കേസ്സുകൾ എത്ര; പട്ടികജാതി-പട്ടികവർഗ്ഗ മർദ്ദന കേസ്സുകൾ എത്ര;

(സി) എത്ര കേസ്സുകൾ പ്രസ്തുത കാലയളവിൽ ചാർജ്ജ് ചെയ്തു;

(ഡി) എത്ര കേസ്സുകളിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകി;

(ഇ) എത്ര കേസ്സുകൾ റഫർ ചെയ്തു; അവ ഏതെല്ലാം;

(എഫ്) ഓരോന്നും റഫർ ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ;

(ജി) പ്രസ്തുത കാലത്ത് ഏതെങ്കിലും കേസ്സുകളിൽ തെളിവുകൾ ലഭിക്കാതെ ഉണ്ടോ; എങ്കിൽ എത്ര;

(എച്ച്) ഇവയിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ഐ) എത്ര കേസ്സിലെ പ്രതികളെ ഇനി അറസ്റ്റ് ചെയ്യാനുണ്ട്;

(ജെ) ഇതിനു കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ)	1997	1998	1999 മേയ് വരെ
മഞ്ചേരി	504	772	313
അരീക്കോട്	258	364	149
കൊണ്ടോട്ടി	533	626	296

(ബി) സ്ത്രീപീഡന കേസ്സുകൾ

	1997	1998	1999
മഞ്ചേരി	31	50	23
അരീക്കോട്	234	44	20
കൊണ്ടോട്ടി	32	37	16

പട്ടികജാതി-പട്ടികവർഗ്ഗ മർദ്ദന കേസ്സുകൾ

	1997	1998	1999
മഞ്ചേരി	8	17	7
അരീക്കോട്	5	3	5
കൊണ്ടോട്ടി	5	9	2

(സി)	1997	1998	1999
മഞ്ചേരി	389	614	225
അരീക്കോട്	189	290	118
കൊണ്ടോട്ടി	381	478	226

(ഡി)	1997	1998	1999
മഞ്ചേരി	389	614	225
അരീക്കോട്	189	290	118
കൊണ്ടോട്ടി	381	478	226

(ഇ)&(എഫ്) മറുപടി അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ജി)	1997	1998	1999
മഞ്ചേരി	24	28	4
അരീക്കോട്	13	17	-
കൊണ്ടോട്ടി	33	18	2

(എച്ച്) അനുബന്ധം -2 ൽ കൊടുത്തിട്ടുണ്ട്.†

(ഐ)	1997	1998	1999
മഞ്ചേരി	24	28	4
അരീക്കോട്	13	17	-
കൊണ്ടോട്ടി	33	18	2

(ജെ) പ്രതികളെ കണ്ടെത്താൻ കഴിയാത്ത കേസ്സുകൾ തുടർന്നും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. പ്രതികളെ അറസ്റ്റു ചെയ്യുന്ന മുറയ്ക്ക് കേസ്സ് ചാർജ്ജ് ചെയ്ത് ബന്ധപ്പെട്ട കോടതികളിൽ സമർപ്പിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly